## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2215** **06.02.2019 -ൽ മറുപടിക്ക്**

### റേഷൻ സാധനങ്ങളുടെ ഓൺലൈൻ വിൽപ്പന

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) റേഷൻ സാധനങ്ങളുടെ വിൽപ്പന ഓൺലൈനാക്കിയത് മൂലം സബ്സിഡി ബാധ്യത കുറക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഇ-പോസ് മുഖേന റേഷൻ വിതരണം ചെയ്യുന്നതിനാൽ സബ്സിഡി കുറഞ്ഞിട്ടില്ല. |
| (ബി) ഓൺലൈൻ സിസ്റ്റത്തിലെ സാങ്കേതിക തകരാറുകളോ വേഗതക്കുറവോ നിമിത്തം ഗ്രാമപ്രദേശങ്ങളിൽ വളരെയധികം സമയം സാധാരണക്കാർ ക്യൂ നിൽക്കേണ്ട സാഹചര്യം നിലവിലുണ്ടോ<br><br>(സി) ഇത്തരം പോരായ്മകൾ പരിഹരിച്ച് ഓൺലൈൻ വിൽപ്പന കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും ചില ഒറ്റപ്പെട്ട സന്ദർഭങ്ങളിൽ സാങ്കേതിക പ്രശ്നം മൂലം വിതരണത്തിന് ലഘുവായ താമസം നേരിടാറുണ്ട്. ആയത് ഉടൻ തന്നെ പരിഹരിക്കപ്പെടാറുണ്ട്. ആയതിനാൽ റേഷൻ വാങ്ങുന്നതിനായി ക്യൂ നിൽക്കേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ